# കേരളസർവകലാശാല

നം.പി.ആർ.273/2021

## പത്രക്കുറിപ്പ്

### 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ 'ഫൊക്കാന' യുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്.ഡി. പ്രബന്ധത്തിനാണ് പുരസ്കാരം നൽകുന്നത്. 2017 ഡിസംബർ 1 മുതൽ 2019 നവംബർ 30 വരെയും 2019 ഡിസംബർ 1 മുതൽ 2021 നവംബർ 30 വരെയുമുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളത്തിൽ പിഎച്ച്.ഡി. ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. അവസാന തീയതി 2022 ജനുവരി 29. അപേക്ഷകൾ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം –695034.

(പ്രത്യേക കുറിപ്പ്:എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല ഡിസംബർ 14 ന് പ്രസിദ്ധീകരിച്ച എസ്.ഡി.ഇ. ബി.കോം. ഒന്ന്, രണ്ട് സെമസ്റ്റർ മാർച്ച് 2021 പരീക്ഷാഫലത്തിൽ തടഞ്ഞുവച്ചിരുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2013 സ്കീം – സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്) ഫെബ്രുവരി 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.വോക്., ബി.ബി.എ., ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ. സി.ബി.സി.എസ്.എസ്. (കരിയർ റിലേറ്റഡ്) എഫ്.ഡി.പി. മേഴ്സിചാൻസ് – 2010,2011, 2012 അഡ്മിഷൻ ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ 2022 ജനുവരി 3 വരെയും 150 രൂപ പിഴയോടെ ജനുവരി 6 വരെയും 400 രൂപ പിഴയോടെ ജനുവരി 10 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ജനുവരി 4 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.വോക്., ബി.ബി.എ., ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ. സി.ബി.സി.എസ്. (കരിയർ റിലേറ്റഡ്) (എഫ്.ഡി.പി.) റെഗുലർ – 2020 അഡ്മിഷൻ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2015 – 2018 അഡ്മിഷൻ സപ്ലിമെന്ററി,

2014 അഡ്മിഷൻ മേഴ്സിചാൻസ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2020 അഡ്മിഷൻ – റെഗുലർ, 2019 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2016 – 2018 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ., എം.എസ്സി., എം.കോം. റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷൻ വിദൂരവിദ്യാഭ്യാസം ഡിഗ്രി പരീക്ഷയുടെ സ്പെഷ്യൽ പരീക്ഷ 2022 ജനുവരി 10 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അർഹരായവർ കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

കേരളസർവകലാശാല 2022 ജനുവരി 5 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസ് (പി.ജി.ഡി.ബി.എസ്.) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി 4 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി ജനുവരി 2021 സ്പെഷ്യൽ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പിഎച്ച്.ഡി. രജിസ്ട്രേഷൻ – ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജനുവരി 2022 സെഷൻ പിഎച്ച്.ഡി. രജിസ്ട്രേഷന് ഒഴിവുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2022 ജനുവരി 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. സർവകലാശാല ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജനുവരി 16 ന് 5 മണിക്ക് മുൻപായി കേരളസർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം,
29.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**